# ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്

**രജി. ഓഫീസ് XIV/130, കോടിമത**
കോട്ടയം സൗത്ത്പി .ഒ, പിൻ– 686013
ഫോൺ:0481- 2567103, 2566882
Web:www.oilpalmindia.com

**OP/PO/2326** **16.12.2024**

## ഇ-ടെൻഡർ നോട്ടീസ്

ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ് ഏരൂർ എസ്റ്റേറ്റിലെ സി ഡിവിഷൻ, ഫീൽഡ് നമ്പർ 4 (YC-4) ലെ കാടുവെട്ടി വൃത്തിയാക്കുന്നതിനുള്ള ഇ-ടെൻഡർ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ചു കൊള്ളുന്നു.

| ക്രമ നം | എസ്റ്റേറ്റ് | ഡിവിഷൻ & ഫീൽഡ് | ഹെക്ടർ |
|---|---|---|---|
| 1 | ഏരൂർ | C4 | 127.36 |

## വ്യവസ്ഥകൾ

1. മേൽ പറഞ്ഞ ഫീൽഡിലെ കളകൾ അരിവാൾ/ കാട് വെട്ട് യന്ത്രം ഉപയോഗിച്ച് വെട്ടി മാറ്റേണ്ടതാണ്. വെട്ടി മാറ്റിയ കളകൾ പനകളുടെ ഇടയിൽ വാരി കൂട്ടേണ്ടതും പനമടലുകൾ വെട്ടി നാലു പനകളുടെ ഇടക്കായി കൂട്ടി ഇടേണ്ടതുമാണ്. പനകളിൽ പടർന്നു പിടിച്ചിട്ടുള്ള കളപ്പയർ വലിച്ചു മാറ്റി ചുവടു വൃത്തിയാക്കേണ്ടതും ഫീൽഡിൽ ആവശ്യമുള്ള സ്ഥലത്ത് ഇൻസ്പെക്ഷൻ പാത്തുകൾ തെളിയിക്കേണ്ടതുമാണ്. വെട്ടിയിട്ട കളകൾ പനയുടെ ചുവട്ടിൽ നിന്ന് മാറ്റി തടം വൃത്തിയാക്കിയിടേണ്ടതുമാണ്.

2. മേൽ പറഞ്ഞ ജോലികൾ ചെയ്തു തീർക്കുന്നതിന് **ഒരു ഹെക്ടറിനുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.**

3. **ഇ-ടെൻഡർ 26-12-2024** വ്യാഴാഴ്ച **3.00 PM** വരെ **നൽകാം. 27-12-2024 വെള്ളിയാഴ്ച 3.00 PM** ന് തുറക്കുന്നതായിരിക്കും.

4. **ഇ-ടെൻഡറിൽ പങ്കെടുക്കുന്നവർ ടെൻഡർ ഫീ** ആയി **1,510/-രൂപയും നിരതദ്രവ്യമായി 15,920/-** രൂപയും അടക്കേണ്ടതാണ്.

5. ഇ-ടെൻഡറുകൾ ഉറപ്പിച്ച് കഴിഞ്ഞാൽ 31,850/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ച് Rs.500/- രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെയ്ക്കേണ്ടതാണ്.

6. ഇ-ടെൻഡറുകൾ കിട്ടിയ അറിയിപ്പ് ഉണ്ടായാൽ ഒരാഴ്ച്ചയ്ക്കകം എഗ്രിമെന്റ് വെച്ച് പണി തുടങ്ങേണ്ടതും കാലാവധി പ്രകാരം തീർക്കേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ നിർദിഷ്ട സമയത്തിനുള്ളിൽ ജോലി തീർക്കാതെ വരികയോ ജോലിയിൽ വീഴ്ച വരുത്തുകയോ ചെയ്താൽ മാനേജ്മെന്റ് മറ്റു വിധത്തിൽ ജോലി തീർക്കുന്നതും, **തന്മൂലമുണ്ടാകുന്ന നഷ്ടം കോൺട്രാക്ടറിൽ നിന്ന് ഈടാക്കുന്നതുമാണ്.**

7. വർക്ക് ഓർഡർ ലഭിച്ചു **30 ദിവസത്തിനകം** ജോലി പൂർത്തിയാക്കേണ്ടതാണ്.

8. ടെൻഡർ പ്രകാരമുള്ള ജോലി 30 ദിവസത്തിനകം പൂർത്തിയാക്കാത്ത പക്ഷം പിന്നീടുള്ള ഓരോ ദിവസത്തിനും Rs.500 രൂപ പിഴ ഈടാക്കുന്നതാണ്.

9. ഏത് ടെൻഡറും സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം മാനേജ്മെന്റിന് ഉണ്ടായിരിക്കുന്നതാണ്.

10. ആവശ്യമെന്ന് കണ്ടാൽ നിരക്കിന്റെ കാര്യത്തിൽ സന്ധി സംഭാഷണം നടത്തുന്നതാണ്.

11. ഇ-ടെൻഡറിൽ പങ്കെടുക്കുന്നതിനായി www.etenders.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

12. കൂടുതൽ വിവരങ്ങൾ എസ്റ്റേറ്റ് ഓഫീസുകളിൽ നിന്നും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

ഫോൺ:
സീനിയർ മാനേജർ (പ്രോജക്ട്സ്) : 9745766464
സീനിയർ മാനേജർ (എസ്റ്റേറ്റ്സ്) : 9745766466
മാനേജർ (ഏരൂർ എസ്റ്റേറ്റ്) : 9745766470

ഒപ്പ്
**സീനിയർ മാനേജർ (പ്രോജക്ട്സ്)**